## സമ്പൂർണ്ണ ഗ്രാമ റോസ്ഗാർ യോജന അനുസരിച്ച് അനുവദിച്ച ഭക്ഷ്യധാന്യം

127(335) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07, 2007-08, 2008-09, 2009-10, 2010-11 എന്നീ സാമ്പത്തിക വർഷങ്ങളിൽ എസ്.ജി.ആർ.വൈ. (ജനറൽ, സ്പെഷ്യൽ കംപോണന്റ് പ്ലാൻ) പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച ഭക്ഷ്യ ധാന്യം എത്ര മെട്രിക്ടൺ ആണ് എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) അനുവദിച്ചതിൽ കൈപ്പറ്റിയ ഭക്ഷ്യ ധാന്യം എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഏറ്റെടുക്കാതെ നഷ്ടപ്പെടുത്തിയത് എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഇപ്രകാരം നഷ്ടപ്പെടുത്താനുണ്ടായ സാഹചര്യം വിശദമാക്കുമോ ?

### ഉത്തരം

(എ) 2006-07, 2007-08 വർഷങ്ങളിലെ വിവരം താഴെ ചേർക്കുന്നു: 31-3-2008-ൽ എസ്.ജി.ആർ.വൈ. പദ്ധതി നിർത്തലാക്കി.

| | | |
|---|---|---|
| I | 2006-07 വർഷം എസ്.ജി.ആർ.വൈ. (ജനറൽ) | 55459.942 മെ. ടൺ |
| | ഗോതമ്പ് | 1545.332 |
| | അരി | 53914.610 |
| | 2007-08 വർഷം എസ്.ജി.ആർ.വൈ. (ജനറൽ) | 79051.08 മെ. ടൺ |
| | ഗോതമ്പ് | 11451.15 |
| | അരി | 67599.93 |
| II | 2006-07 വർഷം എസ്.ജി.ആർ.വൈ. (എസ്.സി.പി.) | 24710 മെ. ടൺ |
| | ഗോതമ്പ് | 0 |
| | അരി | 24710 |
| | 2007-08 വർഷം എസ്.ജി.ആർ.വൈ. (എസ്.സി.പി.) | |
| | ഗോതമ്പ് | ഇല്ല |
| | അരി | ഇല്ല |

LIBRARY ARCHIVES Kerala Legislative Assembly

(ബി)

| | | |
|---|---|---|
| I | 2006-07 വർഷം എസ്.ജി.ആർ.വൈ. (ജനറൽ) | 6315.894 മെ. ടൺ |
| | ഗോതമ്പ് | 1075.617 |
| | അരി | 5240.277 |
| | 2007-08 വർഷം എസ്.ജി.ആർ.വൈ. (ജനറൽ) | 62657.226മെ. ടൺ |
| | ഗോതമ്പ് | 9024.17 |
| | അരി | 53633.05 |
| II | 2006-07 വർഷം എസ്.ജി.ആർ.വൈ. (എസ്.സി.പി.) | 23263 മെ. ടൺ |
| | ഗോതമ്പ് | 0 |
| | അരി | 23263 |
| | 2007-08 വർഷം എസ്.ജി.ആർ.വൈ. (എസ്.സി.പി.) | |
| | ഗോതമ്പ് | ഇല്ല |
| | അരി | ഇല്ല |

(സി)

| | | |
|---|---|---|
| I | 2006-07 വർഷം എസ്.ജി.ആർ.വൈ. (ജനറൽ) | 49144.048 മെ. ടൺ |
| | ഗോതമ്പ് | 469.715 |
| | അരി | 48674.333 |
| | 2007-08 വർഷം എസ്.ജി.ആർ.വൈ. (ജനറൽ) | 16393.86 മെ. ടൺ |
| | ഗോതമ്പ് | 2426.98 |
| | അരി | 13966.88 |
| II | 2006-07 വർഷം എസ്.ജി.ആർ.വൈ. (എസ്.സി.പി.) | 1447 മെ. ടൺ |
| | ഗോതമ്പ് | 0 |
| | അരി | 1447 |

LIBRARY ARCHIVES Kerala Legislative Assembly

2007-08 വർഷം എസ്.ജി.ആർ.വൈ.
(എസ്.സി.പി.)

| | |
|---|---|
| ഗോതമ്പ് | ഇല്ല |
| അരി | ഇല്ല |

(ഡി) ജോലിക്ക് കൂലിയായി തൊഴിലാളികൾ ഭക്ഷ്യധാന്യം സ്വീകരിക്കുവാൻ വിമുഖത കാട്ടിയതിനാലാണ് മുഴുവൻ ഭക്ഷ്യധാന്യവും എടുത്ത് വിതരണം ചെയ്യാൻ കഴിയാതിരുന്നത്.

**അസസ്മെന്റ് രജിസ്റ്റർ കാലാനുസൃതമായി പുതുക്കാൻ നടപടി**

128(336) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിലെ അസ്സസ്മെന്റ് രജിസ്റ്റർ കാലാനുസൃതമായി പുതുക്കി എഴുതാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗ്രാമപഞ്ചായത്ത് വാർഡുകൾ പുനർ നിർണ്ണയം നടത്തുമ്പോൾ പുതുക്കി എഴുതേണ്ട അസ്സസ്മെന്റ് രജിസ്റ്റർ പുതുക്കാത്തതുമൂലം റെസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നല്കുമ്പോൾ അവ്യക്തതയും കാലതാമസവും ഉണ്ടാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അസ്സസ്മെന്റ് രജിസ്റ്ററുകൾ കാലാനുസൃതമായി പുതുക്കി എഴുതുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വിശദമാക്കുമോ ;

(ഡി) ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2005-ലെ വാർഡ് പുനർ നിർണ്ണയത്തെ തുടർ അസ്സെസ്സ്മെന്റ് രജിസ്റ്റർ പുതുക്കി എഴുതുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിരുന്നതിൻ പ്രകാരം, പഞ്ചായത്തുകളിൽ അസ്സസ്സ്മെന്റ് രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) 2005-ലെ വാർഡ് പുനർ നിർണ്ണയത്തെത്തുടർന്ന് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും അസസ്സ്മെന്റ് രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ റഡിഡൻഷ്യൽ സർട്ടിഫിക്കറ്റുകളും മറ്റും നൽകുന്നതിന് കാലതാമസവും അവ്യക്തതയും ഉണ്ടാകേണ്ട കാര്യമില്ല.

(സി&ഡി) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2010 ഒക്ടോബറിൽ നടന്ന പൊതു തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പാണ് പഞ്ചായത്തുകളിലെ വാർഡ് പുനർ നിർണ്ണയം സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ പൂർത്തിയാക്കിയിട്ടുള്ളത്. 2010-ലെ വാർഡ് പുനർ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പുതുക്കി എഴുതുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly